





തയ്യാറാക്കിയത് : ചിറ്റൂർ ഷണ്മുഖദാസ്

# കോളവിരുദ്ധ സമരം ശക്തിപ്പെടുത്തും : നീലിപ്പാറ മാരിയപ്പൻ



ആദിവാസി സംരക്ഷണ സംഘം സംസ്ഥാന രക്ഷാധി കാരി നീലിപ്പാറ മാരിയപ്പൻ

**പ്ലാച്ചിമടയിലെ** ആദിവാസി സമൂഹം നടത്തി വരുന്ന കോളവിരുദ്ധ സമരം ആയിരം ദിവസങ്ങൾ പൂർത്തീകരിച്ചു. പ്രദേശ വാസികളുടെയും ആദിവാസികളുടെയും നിശ്ചയ ദാർഢ്യത്തോടെയുള്ള പ്രവർത്തനമാണ് സമരത്തിന്റെ വിജയത്തിന് വഴി തെളിയിച്ചത്.

*സമരം വെല്ലുവിളികളെ നേരിടുന്നുണ്ടോ?*

ലോകം മുഴുവൻ അറിയപ്പെട്ട ഈ സമരത്തെ കേന്ദ്ര, കേരള സർക്കാരുകൾ കണ്ടില്ലെന്ന് നടിക്കുന്നു. അധികാരം കൈയാളുന്നവർ കോള-പെപ്സി കമ്പനിക്കാരുടെ പിണിയാളുകളായി മാറിയാൽ അധ:സ്ഥിതരായ ഞങ്ങൾക്ക് നീതി കിട്ടില്ലെന്നറിയാം. എന്നാലും ധൈര്യം കൈവിടാതെ സമരമുഖത്ത് സ്ത്രീകളും, കുട്ടികളും ഉൾപ്പെടെയുള്ളവർ ഉറച്ചു നിൽക്കുന്നുണ്ട്. കോളയ്ക്കുവേണ്ടി സർക്കാർ മെഷീനറി ദുരുപയോഗം ചെയ്യുന്നതിനെതിരെ കേരള സമൂഹം ഉണരണം. ആദിവാസികൾ നടത്തുന്ന അതിജീവന സമരം വിജയഘട്ടത്തിലെത്തി നിൽക്കുമ്പോൾ, എല്ലാവരും ഒന്നിച്ചുനിന്ന് പ്രവർത്തിക്കണം.

*പ്ലാച്ചിമട സമരം ഹൈജാക്ക് ചെയ്യപ്പെട്ടതായി തോന്നുന്നുണ്ടോ?*

ഒരു വർഷം വരെ കോളവിരുദ്ധ സമരമുഖത്ത് പ്ലാച്ചിമടയിലെ ആദിവാസികൾ ഉൾപ്പെട്ട പ്രദേശവാസികളാണ്. തുടക്കത്തിൽ സമരക്കാരെ കള്ളക്കേസിൽ കുടുക്കാനും കൊല്ലുമെന്ന് ഭീഷണിപ്പെടുത്തി സമരത്തിൽനിന്ന് പിന്മാറ്റാനും രാഷ്ട്രീയ നേതാക്കൾ ശ്രമിച്ചു. സമരം ജനകീയ ശ്രദ്ധ ആകർഷിച്ചതോടെ ചില രാഷ്ട്രീയക്കാർ സമരത്തിന് പിൻതുണയുമായെത്തി.

പിന്നീട്, സമരരംഗത്ത് സജീവമായി നിന്നിരുന്ന സന്നദ്ധ സംഘടനാ പ്രവർത്തകരെ തമ്മിലടിപ്പിക്കുകയും ഭിന്നിപ്പിക്കുകയും ചെയ്തു. ആദിവാസികൾക്കിടയിൽ അനൈക്യമുണ്ടാക്കി സമരത്തെ തകർക്കാൻ ചിലർ ശ്രമിക്കുന്നു. പഞ്ചായത്ത് ലൈസൻസ് റദ്ദാക്കാൻ ധൈര്യം കാണിച്ചത് ആദിവാസികളുടെ അടിയുറച്ച സമരമുഖത്തെ ഭയന്നാണ്. ഇപ്പോൾ പഞ്ചായത്ത് ഭരിക്കുന്ന രാഷ്ട്രീയ നേതൃത്വം സമരം സ്വന്തമാക്കാൻ നടത്തുന്ന ശ്രമത്തെ പരാജയപ്പെടുത്തും.

*കോള വിരുദ്ധ സമരക്കാർ പാലക്കാട് ഇടതു സ്ഥാനാർത്ഥിക്ക് പരസ്യമായി വോട്ട് ചോദിച്ച് ഇറങ്ങിയതിനെക്കുറിച്ച്?*

വിശ്വാസവഞ്ചന അറിയാത്തവരാണ് ആദിവാസി സമൂഹം. അതുകൊണ്ട് സമരത്തിന് പിൻതുണയുമായെത്തിയ രാഷ്ട്രീയക്കാരുടെ വാക്ക് വിശ്വസിച്ചു. പാർലിമെന്റിൽ പ്ലാച്ചിമടയുടെ ശബ്ദം ഉയരുമെന്ന് പ്രതീക്ഷിച്ചു. സ്ഥലം എം.പി. ഇതിനെക്കുറിച്ചൊന്നും പാർലിമെന്റിൽ മിണ്ടിയതായി അറിവില്ല. കേരളത്തിൽനിന്ന് പി.കെ.വി. മാത്രമാണ് ശക്തമായി കോളയ്ക്കെതിരെ വാദിച്ചത്. ഇപ്പോൾ കോള സമരം ഹൈജാക്ക് ചെയ്യാൻ ശ്രമിക്കുന്നവർ പാർലിമെന്റിൽ കാര്യമായി ശബ്ദിച്ചിട്ടില്ല. ഇതൊക്കെ ഞങ്ങൾ തിരിച്ചറിയുന്നുണ്ട്. ആദിവാസികളെ പറ്റിക്കാൻ ശ്രമിച്ചാൽ നടക്കില്ല.

*ജെ.പി.സി.യുടെ നിലപാടിൽ മാറ്റം വന്നതായി തോന്നുന്നുണ്ടോ?*

ജെ.പി.സി.യുടെ ചെയർമാൻ ഇപ്പോൾ കേന്ദ്രമന്ത്രിയല്ലേ? അദ്ദേഹം വിചാരിച്ചാൽ കോള-പെപ്സി കമ്പനികളെ പൂട്ടിക്കാമായിരുന്നു. പക്ഷേ, അധികാരം കൈയിൽ കിട്ടിയപ്പോൾ എല്ലാം മറന്നു തുടങ്ങി. സുപ്രീം കോടതിയുടെ മോണിറ്ററി കമ്മിറ്റി റിപ്പോർട്ടിനെപ്പോലും കോള ഭീമൻ നിഷ്പ്രഭമാക്കി കഴിഞ്ഞിരിക്കുകയാണ്.

*ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളിൽ സംതൃപ്തരാണോ?*

കോളക്കെതിരെ നൽകിയ കേസിൽ കുടിവെള്ള പ്രശ്നം മാത്രമാണ് ഉന്നയിച്ചിട്ടുള്ളത്. എന്നാൽ പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ചൊന്നും പറഞ്ഞിട്ടില്ല. ഇത് കേസ് ദുർബലപ്പെടുത്താനിടവരുത്തും.

*സമരം ശക്തിപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ എന്തൊക്കെ?*

ആദിവാസി സംരക്ഷണ സംഘം പെരുമാട്ടി, പട്ടഞ്ചേരി, മുതലമട പഞ്ചായത്തുകളിൽ ശക്തിപ്പെടുത്തി വരികയാണ്. കോള വിരുദ്ധ സമരത്തിന്റെ മുൻനിരയിലുള്ള ചിലരുമായി ചെറിയ അഭിപ്രായ വ്യത്യാസമുണ്ടായിരുന്നത് പറഞ്ഞുതീർത്തു. ഇനി കോളയെ കെട്ടുകെട്ടിക്കുന്നതുവരെ സമരം തുടരും.

നഷ്ടപരിഹാരം എല്ലാവർക്കും നൽകാൻ നടപടിയെടുക്കണം. സർക്കാർ അമാന്തിച്ചാൽ അടുത്തുവരുന്ന തെരഞ്ഞെടുപ്പിൽ രാഷ്ട്രീയക്കാർ ഇതിന്റെ ദുരിതം അനുഭവിക്കും.